**1) കഫർത്തൂത്താ സുന്നഹദോസ് നടന്ന വർഷം?**
**A) 869**
B) 878
C) 541
D) 451

**2) ഉദയംപേരൂർ ആസ്ഥാനമാക്കി ഭരിച്ചതായി പറയപ്പെടുന്ന ക്രിസ്തീയ രാജവംശം**
**A) വില്യാർവട്ടം**
B) തിരുവിതാംകൂർ
C) പകലോമറ്റം
D) കാളിയാങ്കൽ

**3) ഉദയംപേരൂർ സുന്നഹദോസുമായി ബന്ധപ്പെട്ട തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
**A) സുന്നഹദോസിന്റെ സമയത്തെ മെത്രാൻ മാർത്തോമ്മ ഒന്നാമനായിരുന്നു**
B) സുന്നഹദോസ് നടന്നത് 1599 ലാണ്
C) സുന്നഹദോസിൽ ബാബിലോൺ പാത്രിയർക്കീസിന്റെ മുടക്ക് പ്രഖ്യാപിച്ചു
D) ആദാമ്യപാപം, ബസ്പൂർക്കാനാ എന്നീ വിശ്വാസങ്ങൾ നസ്രാണികളെ അംഗീകരിപ്പിച്ചു

**4) പരിശുദ്ധ യൽദോ മാർ ബസേലിയോസ് കാലം ചെയ്ത വർഷം?**
**A) 1685**
B) 1771
C) 1663
D) 1598

**5) 'കേരള പതാക' എന്ന പത്രം തുടങ്ങിയതാര്?**

**A) മാർ ദിവന്നാസ്യോസ് അഞ്ചാമൻ**

B) വട്ടശ്ശേരിൽ തിരുമേനി

C) തോമാ മാർ ദിവന്നാസ്യോസ്

D) പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ

**6) മലങ്കരയിൽ ഇദംപ്രഥമമായി മൂറോൻ കൂദാശ നിർവഹിച്ച പാത്രിയർക്കീസ്?**

**A) പത്രോസ് തൃതീയൻ**

B) ഏലിയാസ് തൃതീയൻ

C) അപ്രേം പ്രഥമൻ

D) ഇഗ്നാത്തിയോസ് ദ്വിതീയൻ

**7) ഇപ്പോഴത്തെ പരിശുദ്ധ കാതോലിക്കാ ബാവയെ എപ്പിസ്കോപ്പയായി വാഴിച്ച വർഷം?**

**A) 1991**

B) 1979

C) 1985

D) 2002

**8) അബ്ദുള്ള പാത്രിയർക്കീസുമായി ബന്ധമില്ലാത്ത സംഭവം ഏതാണ്?**

**A) മാവേലിക്കര പടിയോല**

B) മലങ്കര സഭയുടെ ലൗകികാധികാരം എഴുതിക്കൊടുക്കുവാനുള്ള ആവശ്യം

C) ബാവാകക്ഷി, മെത്രാൻ കക്ഷി എന്ന വിഭജനത്തിന് കാരണമായി

D) പഴയ സെമിനാരിയിൽ താമസിച്ചു പ്രവർത്തിച്ചു

**9) ആദ്യം അച്ചടിച്ച മലയാള യാത്രാവിവരണമായ 'ഊർശ്ലേം യാത്രാവിവരണം' പ്രസിദ്ധീകരിച്ച വർഷം?**

**A) 1895**

B) 1899

C) 1920

D) 1659

**10) ഒരു സുപ്രീംകോടതി ജസ്റ്റീസിന്റെ നിരീക്ഷണത്തിൽ നടന്ന മലങ്കര അസോസിയേഷൻ ഏതാണ്?**

**A) 2002 പരുമല**

B) 2004 പരുമല

C) 2010 ശാസ്താംകോട്ട

D) 2017 കോട്ടയം

**11) ആസ്യയിലെ ഏഴു സഭകളിൽ ഉൾപ്പെടാത്തത് ഏത്?**

**A) കൊലോസ്യ**

B) എഫെസൊസ്

C) സ്മിർണാ

D) ഫിലദെൽഫ്യാ

**12) യെറുശലേം ദേവാലയത്തിൽ വസിച്ച വൃദ്ധയായ ഹന്നായുടെ പ്രത്യേകത അല്ലാത്തത് തെരഞ്ഞെടുക്കുക.**

**A) യഹൂദ വംശജ**

B) ഫനുവേലിന്റെ പുത്രി

C) ഏഴു വർഷത്തെ ദാമ്പത്യം

D) 84 വർഷമായി വിധവ

**13) താഴെ പറയുന്നവയിൽ അപ്പോസ്തോലപ്രവൃത്തികളിൽ പരാമർശിക്കാത്ത സംഭവം ഏതാണ്?**

**A) യോഹന്നാൻ ശ്ലീഹായുടെ രണ്ട് പ്രസംഗങ്ങൾ**

B) പത്രോസിന്റെ പ്രസംഗങ്ങൾ

C) അന്ത്യോഖ്യയിലെ സഭയുടെ തുടക്കം

D) യൂറോപ്പിലേക്കുള്ള സഭയുടെ വ്യാപനം

**14) ശമര്യക്കാരെ തന്റെ ആഭിചാരംകൊണ്ട് ഭ്രമിപ്പിച്ച വ്യക്തി?**

**A) ശീമോൻ**

B) ശൗൽ

C) ശീലാസ്

D) ആമോൻ

**15) യേശുവിന്റെ ഉപമകളെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**

**A) ലളിതമായ ആശയങ്ങൾ ഗഹനമായി അവതരിപ്പിക്കാൻ യേശു ഉപയോഗിച്ചു**

B) പ്രകൃതിയിൽനിന്നും ദൈനംദിന ജീവിതത്തിൽനിന്നും ഉദാഹരണങ്ങൾ കണ്ടെത്തി

C) ന്യായവിധി, ശിഷ്യത്വം മുതലായ വിഷയങ്ങൾ പ്രമേയമായിട്ടുണ്ട്.

D) യേശുവിന്റെ ഉപമകൾ സുവിശേഷങ്ങളിൽ മാത്രം കാണാം.

**16) ഫിലിപ്പ്യായിലെ സഭയുടെ സമ്മാനവുമായി പൗലോസിനെ തടവിൽ ചെന്നുകണ്ടത് ആര്?**

**A) എപ്പഫ്രോദിത്തോസ്**

B) ജോസീഫസ്

C) ശീലാസ്

D) ഫിലെമോൻ

**17) യൂനീക്കായെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**

**A) ഗ്രീക്കുകാരിയായ സഭാശുശ്രൂഷക**

B) തീമോത്തിയോസിന്റെ അമ്മ

C) ഭർത്താവ് ഗ്രീക്കുകാരൻ

D) സത്യവിശ്വാസം മകനു പകർന്നു നൽകി

**18) ആരുടെ അടിമയാണ് ഒളിച്ചോടി പൗലോസിന്റെ അരികിലെത്തിയത്?**

**A) ഫിലേമോൻ**

B) ഒനേസിമോസ്

C) ഒനേസിഫോറസ്

D) അക്വില്ലാ

**19) താഴെപ്പറയുന്നവയിൽ കാതോലിക ലേഖനങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?**

**<u>A) എബ്രായർ</u>**

B) യാക്കോബ്

C) യൂദാ

D) 3 യോഹന്നാൻ

**20) പൗലോസിന്റെ സന്ദേശം കേട്ട് ക്രിസ്ത്യാനിയായ സിന്നഗോഗ് പ്രമാണി ആരാണ്?**

**<u>A) ക്രിസ്പൊസ്</u>**

B) ക്രെസ്കസ്

C) ക്ലെയോപ്പാവ്

D) ക്ലിമ്മീസ്

**21) താഴെ പറയുന്നതിൽ നിശ്ചിതമായ തീയതിയിൽ ആചരിക്കുന്ന പെരുന്നാളുകളുടെ ലിസ്റ്റ് തെരഞ്ഞെടുക്കുക.**

**i. യൽദോ**

**ii. സൂബോറോ**

**iii. ദനഹാ**

**iv. സൂലോക്കോ**

**<u>A) i, ii, iii</u>**

B) i, iv

C) i, iii

D) i, ii, iv

**22) സഭയുടെ അപ്പോസ്തോലികതയുമായി ബന്ധപ്പെട്ട് തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**

**<u>A) സത്യവിശ്വാസത്തിൽ പുതുമ വരുത്തുന്നതാണ് ശ്ലൈഹികത.</u>**

B) ക്രിസ്തീയ വിശ്വാസം ഇടമുറിയാതെ സംരക്ഷിക്കുന്നു.

C) വിശുദ്ധ പാരമ്പര്യം പരിശുദ്ധാത്മാവിന്റെ ആവാസം മൂലം സംരക്ഷിക്കുന്നു.

D) സകല മനുഷ്യരെയും രക്ഷയിലേക്ക് വിളിക്കുക എന്ന ദൗത്യം നിർവഹിക്കുന്നു.

**23) വി. ലൂക്കോസ് 1:28-48 അടിസ്ഥാനമാക്കിയുള്ള പ്രാർത്ഥന ഏതാണ്?**

**A) കൃപനിറഞ്ഞ മറിയമേ നിനക്കു സമാധാനം...**

B) ദൈവമേ നീ പരിശുദ്ധനാകുന്നു...

C) കർത്താവിന്റെ ബഹുമാനം...

D) അനുഗ്രഹങ്ങൾ നിറഞ്ഞരിക്കുന്നവനെ...

**24) ക്രിസ്തുവും മണവാട്ടിയായ സഭയും തമ്മിലുള്ള ബന്ധം പ്രതിപാദിക്കുന്ന ഗീതം തെരഞ്ഞെടുക്കുക.**

**A) നിൻ മുറിവുകളിന്നേറ്റേൻ മൂറോൻ...**

B) ഞങ്ങൾ തൻ മൃതരെ നീയോർ...

C) നാഥൻ മൃതരിടയിലുറപ്പിച്ചാദത്തെ...

D) ഇവയെല്ലാം ശരിയാണ്.

**25) സൂത്താറാ നമസ്കാരത്തിന് ചൊല്ലുന്ന സങ്കീർത്തനങ്ങൾ ഏതെല്ലാം?**

**A) 91, 121**

B) 15, 32

C) 149, 150

D) 108, 150

**26) അഞ്ചാം തുബ്ദേനിൽ പിതാക്കന്മാരെക്കുറിച്ച് പറയുന്നതിൽ തെറ്റായത് തെരഞ്ഞെടുക്കുക.**

**A) ദുഃഖിതന്മാരിൽ തലവനായ മാർ അപ്രേം**

B) സത്യവാനും ഉന്നതഗോപുരവുമായ മാർ കൂറിലോസ്

C) നീതിമാനും പരിശുദ്ധനുമായ മാർ യാക്കോബ് ബുർദ്ദാന

D) വിവേകമുള്ള വായും തൂണും മല്പാനുമായ മാർ സേവേറിയോസ്

**27) വിശുദ്ധ കുർബാനയിലെ മൂന്നാമത്തെ ആശീർവാദത്തിൽ പരിശുദ്ധ ത്രിത്വത്തെ വിശേഷിപ്പിക്കുന്നതിൽ ഉൾപ്പെടാത്ത വാക്ക് തെരഞ്ഞെടുക്കുക.**

**A) സൃഷ്ടിക്കപ്പെട്ടത്**

B) മഹത്വമുള്ളത്

C) സ്വയംഭൂ

D) പരിശുദ്ധം

**28) പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാൾ എന്നാണ്?**

**<u>A) ജൂൺ 29</u>**

B) ജൂൺ 28

C) ജൂൺ 30

D) ജൂലൈ 3

**29) ആരാധനാവർഷത്തിലെ വിശേഷ ദിവസങ്ങൾ ആചരിക്കുന്ന ക്രമത്തിൽ തെരഞ്ഞെടുക്കുക.**

**i. സ്വർഗ്ഗാരോഹണം**

**ii. സ്വർണ്ണവെള്ളി**

**iii. പെന്തിക്കോസ്തി**

**iv. തേജസ്കരണം**

**v. സൂബോറോ**

**<u>A) v, i, iii, ii, iv</u>**

B) i, iii, iv, ii, v

C) v, iv, iii, ii, i

D) i, v, iii, iv, ii

**30) ജീവങ്കലേക്കു പോകുന്ന വഴി ഞെരുക്കമുള്ളത് (മത്തായി 7:14) എന്ന വേദഭാഗം പരാമർശിക്കുന്ന ഗീതം തെരഞ്ഞെടുക്കുക.**

**<u>A) ജീവകരം മൃതികരമെന്നേവം</u>**

B) നിർമ്മലമാം ഉദരേ നിർമ്മലമായ്

C) മന്നവനേ മശിഹാ

D) ഉന്നതരാജ്യമതും

**31) അബ്യാഥാർ പുരോഹിതനെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**

**<u>A) ദാവീദിന്റെ പക്ഷത്തുനിന്നും ശൗലിന്റെ പക്ഷത്തേക്കു ചേർന്നു.</u>**

B) നോബിലെ പുരോഹിതനായിരുന്നു.

C) യഹോവയുടെ പെട്ടകം യെരുശലേമിലേക്കു കൊണ്ടുവരുന്നതിന് സഹായിച്ചു.

D) ശലോമോൻ ഇദ്ദേഹത്തെ പൗരോഹിത്യത്തിൽനിന്നും മാറ്റി.

**32) സങ്കേത നഗരങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?**

**A) ഗോഹാർ**

B) കാദേശ്

C) ശേഖേം

D) രാമാത്ത്

**33) താഴെ പറയുന്നവയിൽ ശരിയായ പരാമർശങ്ങൾ അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**i. രാജ്ഞി സ്ഥാനം ലഭിച്ച ആദ്യ യഹൂദ പ്രവാസിയാണ് എസ്ഥേർ.**

**ii. അഹശ്വരോശിന്റെ സഹോദരിയായിരുന്നു വസ്തി.**

**iii. മൊർദ്ദേഖായി ഹദസ്സയുടെ വളർത്തപ്പനായിരുന്നു.**

**iv. നയമാനെ നമസ്കരിക്കാൻ മൊർദ്ദേഖായി തയ്യാറായില്ല.**

**A) i, iii**

B) i, ii, iv

C) ii, iv

D) ii, iii, iv

**34) 'യഹോവ-ശമ്മാ' എന്ന വാക്കിന്റെ അർത്ഥം?**

**A) അധിവസിക്കുന്ന യഹോവ**

B) സ്രഷ്ടാവായ യഹോവ

C) ഇടയനായ യഹോവ

D) നിന്നെ നടത്തുന്ന യഹോവ

**35) ഇയ്യോബിനെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**

**A) കൽദയരുടെ ഊരാണ് സ്വദേശം.**

B) സ്നേഹിതന്മാരിൽ ഇളയവൻ എലിഫസാണ്.

C) ബിൽദാദ്, സോപ്പർ എന്നിവർ സ്നേഹിതന്മാരാണ്.

D) പരീക്ഷണത്തിനുശേഷം 140 വർഷം ജീവിച്ചു.

**36) പഴയനിയമ പുസ്തകങ്ങളുടെ ശരിയായ ക്രമം തെരഞ്ഞെടുക്കുക.**

**i. എസ്രാ**

**ii. സഭാപ്രസംഗി**

**iii. ഹഗ്ഗായി**

**iv. ഒബദ്യാവ്**

**v. മീഖാ**

**A) i, ii, iv, v, iii**
B) ii, i, iii, iv, v
C) ii, v, iv, i, iii
D) ii, i, iii, v, iv

**37) യിസ്രായേലിലെ ന്യായാധിപന്മാരെ സംബന്ധിച്ചുള്ള തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
**A) ബാലാക്ക് ദബോരയെ യുദ്ധത്തിൽ ജയിക്കാൻ സഹായിച്ചു.**
B) പെനുവേൽ ഗോപുരം ഗിദെയോൻ നശിപ്പിച്ചു.
C) ഗേരയുടെ മകനായ ഏഹൂദ് ഇടംകൈയനായിരുന്നു.
D) ഗിദയോൻ മുന്തിരിച്ചക്കിനരികെ മെതിക്കുമ്പോൾ യഹോവയുടെ ദൂതൻ പ്രത്യക്ഷനായി.

**38) ധീരനായ ന്യായാധിപനായിരുന്നെങ്കിലും സ്വന്തം പട്ടണത്തിൽ സ്വർണ്ണ ഏഫോദ് സ്ഥാപിച്ചതാര്?**
**A) ഗിദയോൻ**
B) യിഫ്താഹ്
C) ശിംശോൻ
D) യോശുവ

**39) ദൈവവചനം എഴുതിയ ചുരുൾ തിന്ന പ്രവാചകൻ ആരാണ്?**
**A) യെഹെസ്കേൽ**
B) യിരമ്യാവ്
C) യെശയ്യാവ്
D) യോവേൽ

**40) നാലു കുതിര ചേവകർ, അളവുനൂൽ പിടിച്ചിരിക്കുന്ന ദൂതൻ, വിളക്കുതണ്ടും രണ്ട് ഒലിവ് വൃക്ഷങ്ങളും ഈ ഉപമകൾ കണ്ട പ്രവാചകൻ ആരാണ്?**
**A) സെഖര്യാവ്**
B) ആമോസ്
C) ഹോശയ
D) നഹൂം

**41) വി. ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രം കാണുന്ന ഉപമ ഏതാണ്?**

**<u>A) നയീനിലെ വിധവയുടെ മകനെ ഉയിർപ്പിച്ചത്.</u>**

B) ഭൂതബാധിതന്റെ സൗഖ്യം.

C) വെള്ളം വീഞ്ഞാക്കിയത്.

D) പിറവിക്കുരുടന്റെ സൗഖ്യം

**42) ഏദോമ്യരുടെ പിതാവ് എന്നറിയപ്പെടുന്നത് ആര്?**

**<u>A) ഏശാവ്</u>**

B) യാക്കോബ്

C) ഏനോശ്

D) ഏല്യോൻ

**43) ഏഴു ദിവസം മാത്രം രാജാവായിരുന്ന ആൾ?**

**<u>A) സിമ്രി</u>**

B) രെഹബയാം

C) യെരോബയാം

D) ഹദദ്

**44) ''അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോക.'' ആരുടെ വാക്കുകളാണ് ഇത്?**

**<u>A) തോമ്മാശ്ലീഹാ</u>**

B) പൗലോസ് ശ്ലീഹാ

C) മൽക്കോസ്

D) കയ്യാപ്പാസ്

**45) ''നിന്റെ വരവു ശുഭം തന്നെയോ.'' ആര് ആരോടു പറഞ്ഞു?**

**<u>A) പട്ടണത്തിലെ മൂപ്പന്മാർ ശമുവേലിനോട്.</u>**

B) ശലോമോൻ ദാവീദ് രാജാവിനോട്.

C) അബ്രഹാം ലോത്തിനോട്.

D) പീലാത്തോസ് ബറാബാസിനോട്.

**46) ''എന്നാൽ അല്പമേ വേണ്ടു; അല്ല, ഒന്നു മതി.'' ആര് ആരോടു പറഞ്ഞു?**

**A) യേശു മാർത്തയോട്.**

B) യേശു ശമര്യാ സ്ത്രീയോട്.

C) യേശു ശീമോൻ പത്രോസിനോട്.

D) കന്യകമറിയാം വിരുന്നുകാരനോട്.

**47) ''ഇതാ ദൈവത്തിന്റെ കുഞ്ഞാട്.'' ആര് ആരോടു പറഞ്ഞു?**

**A) യോഹന്നാൻ സ്നാപകൻ തന്റെ ശിഷ്യന്മാരോട്.**

B) യേശു തന്റെ സിനഗോഗിലുള്ളവരോട്.

C) യൂദാ യേശുവിനെ പിടിക്കാൻ വന്നവരോട്.

D) സ്വർഗ്ഗീയ മാലാഖമാർ ആട്ടിടയന്മാരോട്.

**48) എ.ഡി. 381 ൽ കൂടിയ കുസ്തന്തീനോസ് സുന്നഹദോസിനെ സംബന്ധിക്കുന്ന ശരിയായ പരാമർശം തെരഞ്ഞെടുക്കുക.**

**A) ഇവയെല്ലാം ശരിയാണ്.**

B) മാസിഡോണിയനിസത്തെ തള്ളി.

C) നിഖ്യാ നിശ്ചയങ്ങൾ ഉറപ്പിച്ചു.

D) പരിശുദ്ധാത്മാവിന്റെ ദൈവത്വം ഉറപ്പിച്ചു.

**49) സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 4 വരെ ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയുടെ എത്രാമത് ജനറൽ അസംബ്ലിയാണ് കോട്ടയത്ത് നടന്നത്?**

**A) 15**

B) 8

C) 16

D) 11

**50) ഗ്രിഗോറിയൻ കലണ്ടർ മലങ്കര സഭയിൽ ഉപയോഗത്തിൽ വന്ന വർഷം?**

**A) 1953**

B) 1948

C) 1912

D) 1975